**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ഉഴവൂർ വാർഡ് 4ലെ നെല്ലാമറ്റം ഭാഗം മുതൽ കടവുങ്കൽ ഭാഗം വരെയുള്ള പ്രദേശങ്ങളിലെ ഉപഭോക്താക്കളുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉഴവൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു കിലോമീറ്റർ എച്ച്.ടി ലൈനും 100 കെ.വി.എ ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തി മരങ്ങാട്ടുപള്ളി സെക്ഷനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ഉഴവൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് നെല്ലാമറ്റം ഭാഗത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഉഴവൂർ കേന്ദ്രമായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് പ്രദേശവാസികൾ നൽകിയിരുന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് നൽകിയിരുന്ന പെറ്റീഷൻ നമ്പർ 847/2023-ൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | വകുപ്പ് മന്ത്രിക്ക് നൽകിയിരുന്ന പെറ്റീഷൻ നമ്പർ 847/2023 ന്റെ അടിസ്ഥാനത്തിൽ ഉഴവൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലാമറ്റം പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒരു കിലോമീറ്റർ എച്ച്.ടി ലൈനും 100 കെ.വി.എ ട്രാൻസ്ഫോർമറും സ്ഥാപിക്കുന്ന പ്രവൃത്തി മരങ്ങാട്ടുപള്ളി സെക്ഷനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ദ്യുതി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ